09.02.203

## ടെണ്ടർ നോട്ടീസ്

ശ്രീ പത്മനാഭസ്വാമി ക്ഷേത്രത്തിൽ 2023-2024 സാമ്പത്തിക വർഷത്തേക്ക് വിവിധ ടെണ്ടറുകൾ നിബന്ധനകൾക്ക് വിധേയമായി ക്ഷണിക്കുന്നു.

## ടെണ്ടർ നിബന്ധനകൾ

1. ടെന്റർ സമർപ്പിക്കുന്നവർ ഹിന്ദു മതസ്ഥരായിരിക്കണം.
2. ക്ഷേത്ര സുരക്ഷയ്ക്ക് വിരുദ്ധമായ യാതൊരു പ്രവൃത്തിയും ടെന്റർ ലഭിക്കുന്നവരുടെ ഭാഗത്തു നിന്നും ഉണ്ടാവാൻ പാടില്ല.
3. ക്ഷേത്രത്തിൽ നിന്നും നൽകുന്ന നിർദ്ദിഷ്ട ഫോറത്തിൽ മാത്രമേ ടെന്ററുകൾ സമർപ്പിക്കാൻ പാടുള്ളൂ. അല്ലാത്തവ സ്വീകരിക്കുന്നതല്ല.
4. ടെന്റർ ഫോമിനോടൊപ്പം വോട്ടർ ഐഡി, ആധാർ കാർഡ് മുതലായവയിൽ ഏതെങ്കിലും ഒന്ന് തിരിച്ചറിയൽ രേഖയായി വെച്ചിരിക്കണം.
5. സീൽ ചെയ്ത കവറിൽ മാത്രമേ ടെന്റർ സമർപ്പിക്കുവാൻ പാടുള്ളൂ. കവറിന് പുറത്ത് ഏത് ടെന്റർ ആണ് സമർപ്പിക്കുന്നത് എന്ന് വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം.
6. ക്ഷേത്രം ജീവനക്കാരോ, ക്ഷേത്രം ജീവനക്കാരുടെ അടുത്ത ബന്ധുക്കളോ ടെന്ററിൽ പങ്കെടുക്കാൻ പാടുള്ളതല്ല.
7. സമർപ്പിക്കുന്ന ടെന്ററിനോടൊപ്പം ......................../ (.................. രൂപ മാത്രം) രൂപ നിരത ദ്രവ്യമായ ഡി.ഡി(ഡിമാന്റ് ഡ്രാഫ്റ്റ്) കൂടെ വെച്ചിരിക്കണം.
8. ടെന്റർ സ്വീകരിക്കുന്നതിന് ഏററവും കുറഞ്ഞ/കൂടിയ തുക മാത്രമായിരിക്കില്ല മാനദണ്ഡം. ഗുണനിലവാരം കൂടി പരിഗണിച്ചായിരിക്കും ടെന്റർ സ്ഥിരപ്പെടുത്തുന്നത്.
9. എന്തെങ്കിലും കാരണവശാൽ ക്ഷേത്ര താൽപ്പര്യങ്ങൾക്ക് വിരുദ്ധമായി പ്രവർത്തിക്കുകയോ, സാധനങ്ങൾ സപ്ലൈ ചെയ്യാൻ കാലതാമസം വരുത്തുകയോ, അംഗീകൃത സാമ്പിളിൽ നിന്നും ഗുണനിലവാരത്തിൽ കൃത്രിമം കാണിക്കുകയോ ചെയ്താൽ ടെണ്ടർ വ്യവസ്ഥയുടെ ലംഘനമായി കണ്ട് ടെണ്ടർ റദ്ദു ചെയ്യുന്നതാണ്.
10. ഈ ടെന്റർ സംബന്ധമായി ടെന്റർ സ്വീകരിക്കുന്നതിനും നിരാകരിക്കുന്നതിനുമുള്ള പരിപൂർണ്ണമായ അവകാശം ക്ഷേത്രം എക്സിക്യൂട്ടീവ് ഓഫീസറിൽ നിക്ഷിപ്തമായിരിക്കും.
11. സപ്ലൈ ചെയ്യുന്ന എല്ലാ സാധനങ്ങളുടെയും ടാക്സ് ഉൾപ്പെടെയുള്ള വില ക്വോട്ട് ചെയ്ത് ആയിരിക്കണം ടെണ്ടർ സമർപ്പിക്കേണ്ടത്.
12. ക്ഷേത്രത്തിൽ നിന്നും ശേഖരിച്ചു കൊണ്ടുപോകുന്നതുമായി ബന്ധപ്പെട്ട ടെന്ററുകൾ ക്വോട്ട് ചെയ്യുമ്പോൾ എല്ലാവിധ ചിലവുകളും ഉൾപ്പെടെയായിരിക്കണം ക്വോട്ട് ചെയ്യേണ്ടത്. ടെന്റർ ഉറപ്പിച്ചുകഴിഞ്ഞതിനു ശേഷം യാതൊരു തരത്തിലുമുള്ള അധിക തുകയും ക്ഷേത്രത്തിൽ നിന്നും അനുവദിക്കുന്നതല്ല.
13. നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി സമർപ്പിക്കുന്ന ടെന്ററുകൾ പരിശോധനയിൽ തന്നെ തള്ളുന്നതായിരിക്കും. ഒന്നാമത്തെ ആൾ ടെന്റർ നിരസിക്കുകയോ ഏറെറടുക്കാൻ തയ്യാറാവാതിരിക്കുകയോ ചെയ്യുന്നപക്ഷം ടിയാന്റെ നിരത

ദ്രവ്യം ക്ഷേത്രത്തിലേക്ക് മുതൽ കൂട്ടുന്നതും അനന്തര നടപടികൾ എക്സിക്യൂട്ടീവ് ഓഫീസർ തീരുമാനിക്കുന്നതുമായിരിക്കും വ്യക്തതയില്ലാത്തതും അപൂർണ്ണവുമായ ടെന്ററുകൾ പരിശോധനയിൽ തന്നെ നിരസിക്കുന്നതായിരിക്കും.

14. എക്സിക്യൂട്ടീവ് ഓഫീസർ എടുക്കുന്ന നിലപാട് അന്തിമമായിരിക്കും.
15. ഈ നിബന്ധനകൾ അംഗീകരിച്ച് ഒപ്പിട്ട് നിരതദ്രവ്യം ഡി.ഡിയായി സമർപ്പിക്കേണ്ടതാണ്. എക്സിക്യൂട്ടീവ് ഓഫീസർ ശ്രീ പത്മനാഭ സ്വാമി ക്ഷേത്രം എന്ന പേരിലായിരിക്കണം ഡി.ഡി. സമർപ്പിക്കേണ്ടത്. അല്ലാത്ത പക്ഷം ടെന്റർ നിരസിക്കുന്നതായിരിക്കും.
16. ടെന്റർ സ്വീകരിച്ച് അറിയിപ്പ് ലഭിച്ചാൽ 2 ദിവസത്തിനകം 200 രൂപയുടെ മുദ്ര പത്രത്തിൽ കരാർ വെച്ച് സപ്ലൈ ചെയ്യാൻ/ സാധനങ്ങൾ കൊണ്ടുപോകാൻ തയ്യാറായിരിക്കുകയും ചെയ്യണം.

2023 –2024 സാമ്പത്തിക വർഷത്തെ ടെണ്ടറുകളുടെ വിവരവും, നിരതദ്രവ്യം, ടെണ്ടർ തുറന്ന് പരിശോധിക്കുന്ന ദിവസം, സമയം എന്നിവ കാണിച്ച് കൊണ്ടുള്ള പട്ടിക ചുവടെ ചേർക്കുന്നു.

| നം | ഇനം | ടെന്റർ തുറക്കുന്ന തീയതി | ടെന്റർ തുറക്കുന്ന സമയം | നിരത ദ്രവ്യം ഡി.ഡി ആയി അടയ്ക്കേണ്ട തുക |
|---|---|---|---|---|
| 1 | ക്ഷേത്രത്തിലേക്കുള്ള ദോത്തി മുണ്ട്, നേര്യത്, തോർത്ത് എന്നിവ സപ്ലൈ ചെയ്യുന്നതിന്. | 23.02.2023 | രാവിലെ 11 മണി | 300000 |
| 2 | കമ്പ്യൂട്ടർ കളർ പ്രിന്റ് രസീതുകൾ ക്ഷേത്രത്തിലേക്ക് സപ്ലൈ ചെയ്യുന്നതിന്. | 23.02.2023 | രാവിലെ 11.30 മണി | 10000 |
| 3 | കമ്പ്യൂട്ടർ ടോണർ ഫില്ലിംഗ്, കമ്പ്യൂട്ടർ സർവ്വീസിംഗ്, പ്രിന്റർ സർവ്വീസിംഗ് എന്നിവ ചെയ്യുന്നതിന്. | 23.02.2023 | ഉച്ചയ്ക്ക് 12.00 മണി | 10000 |
| 4 | മഞ്ഞക്കടമ്പിൽ തീർത്ത ഓണവില്ല് തടി ഫ്രെയിം സപ്ലൈ ചെയ്യുന്നതിന്. | 23.02.2023 | രാവിലെ 11 മണി | 1000 |
| 5 | അഗ്രശാല ഗണപതി കോവിലിൽ ഭക്തർ ഉടയ്ക്കുന്ന നാളികേരം, ശാസ്താം കോവിലിൽ നീരാഞ്ജനം നടത്തിയ ശേഷമുള്ള നാളികേരം, അന്നദാനത്തിൽ നാളികേരം | 23.02.2023 | ഉച്ചയ്ക്ക് 12.30 മണി | 1000 |

| | | | | |
|---|---|---|---|---|
| | ചിരകിയ ശേഷമുള്ള ചിരട്ട എന്നിവ വില നൽകി കൊണ്ടുപോകുന്നതിന്. | | | |
| 6 | ക്ഷേത്രത്തിലേക്കുള്ള അരവണ, മേനിതുലാപായസം എന്നിവയുടെ കണ്ടെയ്നർ സപ്ലൈ ചെയ്യുന്നതിന്. | 23.02.2023 | ഉച്ചയ്ക്ക് 3.00 മണി | 10000 |
| 7 | ക്ഷേത്രത്തിലേക്കുള്ള അരവണ കൂട്ട് ക്ഷേത്രം നിർദ്ദേശിക്കുന്ന രീതിയിൽ തയ്യാറാക്കുനതിന്. | 23.02.2023 | വൈകുന്നേരം 4 മണി | 1000 |
| 8 | ക്ഷേത്രത്തിലേക്കുള്ള ഓഫീസ് സ്റ്റേഷനറി ഐറ്റങ്ങൾ സപ്ലൈ ചെയ്യുന്നതിന്. | 23.02.23 | വൈകുന്നേരം 4.30 മണി | 1000 |
| 9 | ക്ഷേത്രത്തിലേക്കുള്ള ക്ലോക്ക് റൂം, അർച്ചന വഴിപാട് രസീതുകൾ പ്രിന്റ് ചെയ്യുന്നതിന്. | 24.02.23 | രാവിലെ 11 മണി | 10000 |
| 10 | ക്ഷേത്രത്തിലേക്കുള്ള പൂജാദ്രവ്യങ്ങൾ സപ്ലൈ ചെയ്യുന്നതിന്. | 24.02.23 | രാവിലെ 11 മണി | 10000 |
| 11 | ക്ഷേത്രത്തിലേക്കുള്ള അന്നദാന മലക്കറി സപ്ലൈ ചെയ്യുന്നതിന്. | 24.02.23 | ഉച്ചയ്ക്ക് 3 മണി | 10000 |
| 12 | ക്ഷേത്രത്തിലേക്കുള്ള വിറക് സപ്ലൈ ചെയ്യുന്നതിന്. | 25.02.23 | രാവിലെ 11 മണി | 10000 |
| 13 | ക്ഷേത്രത്തിലേക്കുള്ള നിദാന മലക്കറി സപ്ലൈ ചെയ്യുന്നതിന്. | 27.02.23 | രാവിലെ 11 മണി | 10000 |
| 14 | ക്ഷേത്രത്തിലേക്കുള്ള പുഷ്പങ്ങൾ സപ്ലൈ ചെയ്യുന്നതിന്. | 27.02.23 | ഉച്ചയ്ക്ക് 12.30 മണി | 10000 |
| 15 | ക്ഷേത്രത്തിലേക്കുള്ള നാളികേരം, കൊട്ടത്തേങ്ങ, ഇളനീർ എന്നിവ സപ്ലൈ ചെയ്യുന്നതിന്. | 27.02.23 | ഉച്ചയ്ക്ക് 3 മണി | 10000 |
| 16 | ശ്രീ പത്മനാഭ സ്വാമി ക്ഷേത്രം വക ഗോശാലയിലെ ചാണകം നീക്കം ചെയ്യുന്നതിന്. | 27.02.23 | വൈകുന്നേരം 4 മണി | 1000 |
| 17 | ശ്രീ പത്മനാഭ സ്വാമി ക്ഷേത്രം വക ആനക്കൊട്ടിലിലെ മാലിന്യം നീക്കം ചെയ്യുന്നതിന്. | 27.02.23 | വൈകുന്നേരം 4.30 മണി | 1000 |

| | | | | |
|---|---|---|---|---|
| 18 | ശ്രീപത്മനാഭ സ്വാമി ക്ഷേത്രത്തിലെ പൂത്തട്ടിലേക്കാവശ്യമായ പാളത്തട്ട് സപ്ലൈ ചെയ്യുന്നതു സംബന്ധിച്ച്. | 28.02.23 | രാവിലെ 11 മണി | 1000 |
| 19 | ശ്രീപത്മനാഭ സ്വാമി ക്ഷേത്രത്തിലെ പൂത്തട്ടിലേക്കാവശ്യമായ രസകദളിപഴം സപ്ലൈ ചെയ്യുന്നതു സംബന്ധിച്ച്. | 28.02.23 | ഉച്ചയ്ക്ക് 12 മണി | 1000 |
| 20 | ശ്രീപത്മനാഭ സ്വാമി ക്ഷേത്രത്തിലെ പൂത്തട്ടിലേക്കാവശ്യമായ പുഷ്പങ്ങൾ സപ്ലൈ ചെയ്യുന്നതു സംബന്ധിച്ച്. | 02.03.23 | രാവിലെ 11 മണി | 1000 |
| 21 | ക്ഷേത്രത്തിലെ ഉപയോഗശൂന്യമായിവരുന്ന സാധനങ്ങൽ, പാഴ്വസ്തുക്കൾ മുതലായവ വില നൽകി മാസം തോറും കൊണ്ടു പോകുന്നതിന്. | 02.03.23 | രാവിലെ 11.30 മണി | 1000 |
| 22 | ക്ഷേത്രത്തിലേക്കുള്ള വെണ്ണ സപ്ലൈ ചെയ്യുന്നതു സംബന്ധിച്ച്. | 02.03.23 | ഉച്ചയ്ക്ക് 12 മണി | 10000 |

മേൽപ്പറഞ്ഞ നിബന്ധനകൾക്ക് വിധേയമായി ടെണ്ടർ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 22.02.2023 വൈകുന്നേരം 5 മണിവരെ ആയിരിക്കും.

9/2/23

എക്സിക്യുട്ടീവ് ഓഫീസർ ഇൻചാർജ്
ശ്രീ പത്മനാഭ സ്വാമി ക്ഷേത്രം

പകർപ്പ്: വെബ്സൈററ്, നോട്ടീസ് ബോർഡ് ,നാലു നടകളിലും.